# Athmaraksha.org

മറ്റു ലേഖനങ്ങൾ

## അത്യാഢംബര ദേവാലയങ്ങൾ ഒഴിവാക്കണമെന്ന് കർദിനാൾ ആലഞ്ചേരി



ലാളിത്യപൂർണ്ണമായ നിലപാടുകൾക്ക് പേര് കേട്ടയാളാണ് കർദിനാൾ ജോർജ്ജ് ആലഞ്ചേരി. പ്രവാചകതുല്യമായ ആർജവത്വത്തോടെ അദ്ദേഹം അത് തുറന്നു പറയുകയും ചെയ്യും. പുതുക്കി പണിത ഇടപ്പള്ളി ഫൊറോന പള്ളിയുടെ ആശീർവാദത്തിലും തന്റെ നിലപാട് വ്യക്തമാക്കാൻ കർദിനാൾ മടി കാണിച്ചില്ല. അമിത ആഡംബരവും അനാവശ്യ ധൂർത്തുകളും ഒഴിവാക്കണമെന്ന് അദ്ദേഹം പറഞ്ഞത് ദേവാലയത്തിന്റെ കൂദാശാ കർമ്മം നടന്ന ചടങ്ങിൽ തന്നെയെന്നത് ശ്രദ്ധേയമാണ്. വിശ്വാസികളുടെ ക്ഷേമത്തിനായി ചെലവാക്കാവുന്ന പണം അത്യാഢംബരങ്ങൾക്കായി ചെലവാക്കുന്നത് ദൈവതിരുമുമ്പിൽ പാപമാണെന്ന് കർദിനാൾ പറഞ്ഞു.